പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2810 — 20/7/2011 ൽ മറുപടിയ്ക്ക്

## അനധികൃത അറവുശാലകളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു .എം. പാലിശ്ശേരി : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അനധികൃത അറവു ശാലകളും ഇറച്ചിക്കോഴി വിൽപ്പന കേന്ദ്രങ്ങളും വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) അനധികൃതമായി പ്രവർത്തിക്കുന്ന അറവുശാലകളും ഇറച്ചി വിൽപ്പന കേന്ദ്രങ്ങളും വളരെ വൃത്തിഹീന മായ ചുറ്റുപാടിൽ പ്രവർത്തിച്ചു വരുന്നത് കണക്കിലെടുത്ത് ഇവയെ നിയന്ത്രിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശ ദാംശം വ്യക്തമാക്കുമോ ? | (ബി) അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. ഹൈക്കോടതി ഉത്തരവനുസരിച്ച് നവീന അറവുശാലകളില്ലാത്തിടത്ത് ഇറച്ചിവെട്ടുന്നത് നിരോധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിൽ നവീന അറവുശാല സ്ഥാപിക്കാനുള്ള സാങ്കേതിക സഹായം നൽകുന്നതിനായി ശുചിത്വ മിഷനെ സർക്കാർ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ശുചിത്വ മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ഈ രംഗത്ത് പ്രവർ ത്തിക്കുന്ന വിദഗ്ദ്ധരുടെ സഹായത്തോടു കൂടി ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കും അനുയോജ്യമായ രണ്ട് തരം ഡിസൈനുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ബുച്ചേഴ്സ് ലൈ സൻസും കശാപ്പ് ലൈസൻസും ഇല്ലാതെ കശാപ്പ് അനുവദിക്കാൻ പാടില്ലായെന്നും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ